# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി10)102/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി10)102/2023 തീയ്യതി: 13/04/2023

## എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീ ഹരീഷ് ബാബു.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി മെഴ്സി.കെ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലീജ തോമസ് ബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബി അജിത | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോസഫ് സി എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി എലിസബത്ത് സി എക്സ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ സേവ്യർ പി ജി | ഹെഡ്മാസ്റ്റർ,ജി.യു.പി.എസ് | 01-04-2021 | 31-03-2022 |
| ഡോ സുനിത ജോർജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു മോൾ പി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബ എൻ കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ അനില കുമാരി സി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കുമ്പളങ്ങി) | 01-04-2021 | 31-03-2022 |
| ഡോ ലക്ഷ്മി കാർത്തികേയൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി മിലി ഗോപിനാഥ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ഡോ ടിന്റു മാത്യു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സുജാത വി എൻ | വി.ഇ.ഒ,കുമ്പളങ്ങി നോർത്ത് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ ദേവദാസ് ഡി എച്ച് | വി.ഇ.ഒ,കുമ്പളങ്ങി സൗത്ത് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ്കുമാർ പി ആർ | വി.ഇ.ഒ,കുമ്പളങ്ങി സെന്റർ സർക്കിൾ | 01-04-2021 | 12-08-2021 |
| ശ്രീ ദേവദാസ് ഡി എച്ച് | വി.ഇ.ഒ,കുമ്പളങ്ങി സെന്റർ സർക്കിൾ(ചാർജ്ജ്) | 13-08-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി-കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-11 |
| 13 | ലൈസൻസ് നൽകാനാവാത്ത ഹോംസ്റ്റേകൾ | 1-12 |
| 14 | പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ് | 1-13 |
| 15 | അനധികൃത കെട്ടിട നിർമ്മാണം-തുടർ നടപടികൾ | 1-14 |
| 16 | തനത്ഫണ്ടിൽ നിന്നും സ്വകാര്യവ്യക്തിക്കായി ചെലവഴിച്ച തുക തിരികെ ഈടാക്കിയിട്ടില്ല | 1-15 |
| 17 | ഉദ്ഘാടനചടങ്ങുകൾക്ക് പഞ്ചായത്ത് വിഹിതം നൽകൽ- രേഖകൾ ഹാജരാക്കിയില്ല | 1-16 |
| 18 | അപകടകരമായി നിന്ന മരങ്ങൾ മുറിച്ച് നീക്കൽ- ലേലം വഴി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | 1-17 |
| 19 | സാധനങ്ങൾ വാങ്ങുന്നതിനും സേവനങ്ങൾക്കും ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-18 |
| 20 | ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള ടിപ്പിംഗ് ചാർജ് കുടിശിക വരുത്തി | 1-19 |
| 21 | അംഗൻവാടികളിലേക്ക് കംപ്യൂട്ടറുകൾ വാങ്ങുന്നതിനായി തുക മുൻകൂർ നൽകിയെങ്കിലും കംപ്യൂട്ടറുകൾ ലഭിച്ചിട്ടില്ല | 1-20 |
| 22 | അംഗൻവാടി കുടിവെള്ള കണക്ഷൻ നൽകൽ- പ്രവൃത്തികൾ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമല്ല | 1-21 |
| 23 | ബഡ്സ് സ്കൂളിലേക്ക് കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - | 1-22 |

| | | |
|---|---|---|
| | ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | |
| 24 | ആട് വിതരണം - യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ളതിലും അധികം സബ്സിഡി നൽകി | 1-23 |
| 25 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-24 |
| 26 | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 27 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(കെ.എസ്.ഇ.ബി) | 1-26 |
| 28 | പൈപ്പ് ലൈൻ വലിക്കൽ-വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-27 |
| 29 | തെരുവ് വിളക്കുകളുടെ പരിപാലനം- ടെണ്ടർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കരാറുകാരന് അധിക തുക നൽകി | 1-28 |
| 30 | തെങ്ങ് കൃഷി വികസനം -ഡോളമൈറ്റ് വാങ്ങിയതിന് അധിക നിരക്കിൽ തുക നൽകി | 1-29 |
| 31 | നീന്തൽ പരിശീലന കേന്ദ്രം -നാശോന്മുഖമായ അവസ്ഥയിൽ | 1-30 |
| 32 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ- സർക്കാർ നിർദ്ദേശമില്ലാതെ ചെലവ് നടത്തി | 1-31 |
| 33 | മരണപ്പെട്ടവരുടെ ക്ഷേമനിധി പെൻഷനുകൾ സേവന പെൻഷൻ പോർട്ടലിൽ ആക്റ്റീവായി കാണപ്പെടുന്നു | 1-32 |
| 34 | മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ തുകകൾ തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-33 |
| 35 | കുമ്പളങ്ങി സാമൂഹികാരോഗ്യകേന്ദ്രത്തിലെ ആംബുലൻസ് പരിപാലനം | 1-34 |
| 36 | സർക്കാർ നിർദേശം നൽകിയിട്ടും വാർഡ് 17 ലെ അങ്കണവാടി കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-35 |
| 37 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ടൂറിസം ഇൻഫർമേഷൻ സെന്റർ പ്രവർത്തനം | 1-36 |
| 38 | പകൽവീട് സംരക്ഷണവും തുടർ നിർമ്മാണ പ്രവർത്തനങ്ങളും | 1-37 |
| 39 | പൊതുജനങ്ങൾ വികസനാവശ്യങ്ങൾക്കായി വിട്ടു നൽകിയ ഭൂമി പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റേണ്ടതാണ് | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെരുവ് വിളക്കുകളുടെ പരിപാലനം- ടെണ്ടർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കരാറുകാരന് അധിക തുക നൽകി | 3-1 |
| 2 | തെങ്ങ് കൃഷി വികസനം -ഡോളമൈറ്റ് വാങ്ങിയതിന് അധികം തുക നൽകി | 3-2 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 06.03.2021 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്- ചെലവ് കണക്കുകളും റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള യഥാർത്ഥ വരവ്-ചെലവ് കണക്കുകളും താഴെ ചേർക്കുന്നു.

| | റസീപ്റ്റ് & പെയ്മെന്റ് പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 18450745.15 | 4268305 |
| വരവ് | 87182532 | 227200229 |
| ആകെ | 105633277.15 | 231468534 |
| ചെലവ് | 81617775 | 229397193 |
| നീക്കിയിരിപ്പ് | 24015502.15 | 2071341 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 10.05.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ മൂല്യം പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഓഫീസ്, വിവിധ പദ്ധതികൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ , അംഗൻവാടികൾ എന്നിവ ഉൾപ്പടെയുള്ള സ്ഥാവര ആസ്തികളുടെ റവന്യൂ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുകയോ മൂല്യം കണക്കാക്കി കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) 2021-22 ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ലഭിച്ച തുക ഇ-ഗ്രാമസ്വരാജ് പോർട്ടൽ വഴി പി.എഫ്.എം.എസ് വഴിമാത്രം ചെലവഴിക്കാൻ സർക്കാർ നിർദ്ദേശമുള്ളപ്പോൾ പഞ്ചായത്ത് ചെക്ക് മുഖേന രണ്ട് പദ്ധതികൾക്കായി പണം പിൻവലിച്ചിട്ടുണ്ട്. ബിൽ ജനറേറ്റ് ചെയ്യാത്തതിനാൽ ഈ പദ്ധതികളുടെ ചെലവ് വിവരങ്ങളിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല. 5 മാസത്തിന് ശേഷം ഈ തുക ധനകാര്യകമ്മീഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്.

3) പഞ്ചായത്തിന്റെ ഇ-പെയ്മെന്റ് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ കൃത്യമല്ല. കാലാവധി കഴിഞ്ഞ ചെക്കുകൾ കൂടി ഉൾപ്പെടുത്തിയാണ് റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടുള്ളത്. ഇത് ക്രമീകരിക്കേണ്ടതാണ്.

4) നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ ഏജൻസികൾക്കും നൽകിയ മുൻകൂറുകൾ സമയപരിധിക്ക് ശേഷവും തീർപ്പാക്കാതെ അവശേഷിക്കുന്നു. ഇവയുടെ വിവരങ്ങൾ ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

5) ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, മറ്റ് ഗ്രാന്റുകൾ എന്നീ ശീർഷകങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് –ബി-4 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6) നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ നിർവ്വഹണ ഏജൻസികൾക്കും നൽകിയ വിവിധ ഡെപ്പോസിറ്റുകളുടെയും വാടകക്കാരുടേയും കുത്തകലേല കരാറുകാരുടേയും മുൻകൂർ ഡെപ്പോസിറ്റുകളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18450745.15 |
| വരവ് | 87182532 |
| ആകെ | 105633277.15 |
| ചെലവ് | 81617775 |
| നീക്കിയിരിപ്പ് | 24015502.15 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 3624514 |

| | |
|---|---|
| നിരാകരിച്ച തുക | 23323 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 11492278 | 11492278 | 11492278 | | 0 |
| വികസനഫണ്ട് -SCP | 0 | 4578641 | 4578641 | 4336256 | | 242385 |
| വികസനഫണ്ട് -TSP | 0 | 0 | 0 | 0 | | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് (Untied)-Bank | 0 | 2834237 | 2834237 | 818324 | 2015913 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied)-Bank | 0 | 4172000 | 4172000 | 2122843 | 2049157 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ്-(Tied)-Treasury (Consolidated Fund) | 0 | 2856013 | 2856013 | 1021210 | | 1834803 |
| ധനകാര്യകമ്മീഷൻ അവാർഡ് (UnTied) (Consolidated Fund) Treasury | 0 | 1965559 | 1965559 | 1646337 | | 319222 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 6486100 | 6486100 | 891463 | | 5594637 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 7935544 | 7935544 | 5833153 | | 2102391 |
| ICDS (320100121) | 679535 | 971027 | 1650562 | 761107 | 889455 | |
| Total Sanitation Campaign (320100115) | 565332 | 170000 | 735332 | 170000 | 565332 | |
| Solid Waste (320100203) | 0 | 8487 | 8487 | 828 | 7659 | |
| BSUP (320100114) | 1202845 | 33421 | 1236266 | 0 | 1236266 | |
| Literacy | 2896 | 79 | 2975 | 0 | 2975 | |
| ശുചിത്വമിഷൻ | 841047 | 60000 | 901047 | 60000 | 841047 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജ ക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 136400793 | 43 | 49969068 | 68 | 59 | 25.29% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 147510 | 630098 | 777608 | 775794 | 1814 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 26270215 | 26270215 | 26270215 | - |
| ആകെ | 147510 | 26900313 | 27047823 | 27046009 | 1814 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18720 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 1266600 | 79 |
| വിധവാപെൻഷൻ | 13409900 | 882 |
| വാർദ്ധക്യകാലപെൻഷൻ | 40185300 | 3066 |
| വികലാംഗപെൻഷൻ | 4562400 | 287 |
| വിവാഹധനസഹായം | 270000 | 9 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2288700 | 833 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ കൃത്യത (2,4100/- രൂപ) ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ് .

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നുണ്ട്.

2.സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. വൗച്ചർ നം.,ബിൽ നം.എന്നിവയും സാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങളും എഴുതാതെ ഒരു തീയതിയിൽ ലഭിച്ച സാധനങ്ങൾ അതേ തീയതി തന്നെ മുഴുവനും വിതരണം ചെയ്ത് ബാലൻസില്ല എന്നാണ് രേഖപ്പെടുത്തുന്നത് .

4. സ്യൂട്ട് രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.01.2021 | 01/10/20 മുതൽ 31/12/20 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2020 | 2014-15 മുതൽ 2018-19വരെ | 20.02.2020 |

## 1-11 വസ്തുനികുതി-കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ രേഖകൾ പ്രകാരമുള്ള വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കാത്തതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

A. മൊബൈൽ ടവറുകൾ

| ക്രമ നം. | വാർഡ് നം. കെട്ടിട നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം | ഡിമാൻറ് 2021-22 ( I&II Half) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 5/436 | Divisional Engineer BSNL | BSNL Mobile | 5,250.00 | 52,500.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 2 | 7/270 | ,, | ,, | 5,198.00 | 51,980.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 3 | 13/226A | M/s. Dishnet Wireless Ltd. | Aircell | 10,500.00 | 52,500.00 (2018-19 മുതലുള്ള കുടിശ്ശിക) |
| | | ആകെ | | 20,948.00 | 1,56,980.00 |

പ്രസിഡന്റ് ഓഫ് ഇൻഡ്യയുടെ പേരിലുള്ള കെട്ടിടങ്ങൾക്കാണ് വസ്തുനികുതി ഇളവ് അനുവദിച്ചിട്ടുള്ളത് എന്നിരിക്കെ BSNL Mobile Service കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

B. ഓഫീസ് കെട്ടിടം

| ക്രമ നം. | വാർഡ് നം. കെട്ടിട നം./ കെട്ടിടം | ഡിമാൻറ് 2021-22 ( I&II Half) | റിമാർക്സ് |
|---|---|---|---|
| 1 | 15/481/b CPI(M) ലോക്കൽ കമ്മിറ്റി ഓഫീസ് | 7,872/- | 39,360/- (2013-14 മുതലുള്ള കുടിശ്ശിക) |

മേൽ സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി പിരിവിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നതും ആയതിന്റെ തുടർനടപടി വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് നം. (12/21.01.2023), (18/21.01.2023) മറുപടി ലഭ്യമാക്കിയില്ല.തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് നൽകാനാവാത്ത ഹോംസ്റ്റേകൾ

(A) ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ ആകെ ഒരു റിസോർട്ടിനു മാത്രമാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ടൂറിസം വില്ലേജ് ആയ കുമ്പളങ്ങിയിലെ ടൂറിസം സൗകര്യങ്ങൾ ഗൂഗിൾ വഴി പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഹോംസ്റ്റേകളുടെ പേര് |
|---|---|
| 1 | ഗ്രാമം ഹോംസ്റ്റേ |
| 2 | Homestay Ama Stays & Trails Sherlys Ente Kumbalangi |
| 3 | OYO 89177 Paalakkal Homes |
| 4 | Kallanchery Retreat Kumbalangi |
| 5 | തണൽ ഹോംസ്റ്റേ |
| 6 | The Cheenavala Homestay |

| | |
|---|---|
| 7 | കുമ്പളങ്ങി പുഴയോരം ഹോംസ്റ്റേ |
| 8 | ലാൽസ് ബാക്ക് വാട്ടർ ഹോംസ്റ്റേ |
| 9 | മിഖായേൽസ് ലാന്റ് ഹോംസ്റ്റേ റിസോർട്ട് |

ഇവ കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ മറ്റ് ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഉൾപ്പെടുത്തി, ഇത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 4/19.01.2023) മുഖേന ആവശ്യപ്പെട്ടതിനു ലഭ്യമാക്കിയ മറുപടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിരിക്കുന്നത്.

1. മേൽ ഹോംസ്റ്റേകൾ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളവയാണോ എന്ന വിവരം ആവശ്യപ്പെട്ടതിന് ഗ്രാമം, ഷെർലിസ് എന്റെ കുമ്പളങ്ങി, കല്ലഞ്ചേരി റിട്രീറ്റ് എന്നിവ അസസ്മെന്റ് പ്രകാരം നിലവിലുണ്ട് , മറ്റുള്ളവ ഉടമയുടെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ അസസ്മെന്റിൽ കണ്ടെത്താൻ സാധിച്ചില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം പരിശോധിച്ചതിൽ ഹോംസ്റ്റേ ഉപയോഗത്തിന് കെട്ടിടങ്ങൾ അസസ് ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. മേൽ ഹോംസ്റ്റേകൾക്ക് ഗ്രാമ പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ടതിന് കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് തീരദേശ ഭൂപ്രകൃതിയാൽ സമ്പന്നമായതിനാൽ ആയത് പ്രയോജനപ്പെടുത്തി പല വീടുകളിലും ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നുണ്ട് . എന്നാൽ പ്രസ്തുത വീടുകൾക്ക് Occupancy Change ന് ഉടമകൾ പഞ്ചായത്തിനെ സമീപിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഹോംസ്റ്റേകളുടെ പൂർണ്ണവിവരം ശേഖരിക്കുന്നതിൽ അപ്രായോഗികത ഉള്ളതാണ്. CRZ വയലേഷൻ ഉള്ളവയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതാണ് എന്ന് മറുപടി നല്കി. മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നേടേണ്ടതാണ്.

3. വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും ആയതിൽ, മേൽ വിവരിക്കുന്ന ഹോംസ്റ്റേകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ആവശ്യപ്പെട്ടതിന് വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിൽ കെട്ടിടനമ്പർ ഇല്ലാത്തവ ഉൾപ്പെടുത്തിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി, നിലവിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കെട്ടിട നമ്പർ ഇല്ലാത്തവയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിവരിക്കുന്ന ഹോംസ്റ്റേകൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. സഞ്ചയ പ്രകാരം മേൽ ഹോംസ്റ്റേ കെട്ടിടങ്ങൾ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന വിവരം.

5. ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് അനുവദിക്കുന്ന കാലാവധി രേഖപ്പെടുത്തുന്നില്ല. ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് അനുവദിക്കുന്നവയിൽ ടി വിവരം ചേർക്കേണ്ടത് അത്യാവശ്യമാണ്. മാത്രമല്ല തൊഴിൽ നികുതി അടവാക്കുന്ന അവസരത്തിൽ സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷയിൽ ലഭ്യമാക്കിയിരിക്കുന്ന വിവരങ്ങൾ പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി, ലൈസൻസ് രജിസ്റ്ററിൽ എല്ലാ കോളങ്ങളിലും ബന്ധപ്പെട്ട വിവരങ്ങൾ ചേർത്തിരിക്കേണ്ടത് ആവശ്യമാണ്. ഉദാഹരണമായി അക്വാട്ടിക് റിസോർട്ട്( വാർഡ് 9) എന്ന സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം 40 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത് 6 ജീവനക്കാർ മാത്രമാണ്. (ഒന്നാം അർദ്ധവർഷം മാത്രം). ഇവരുടെ രണ്ടാം അർദ്ധവർഷത്തെയും ബാക്കി 34 ജീവനക്കാരുടെയും തൊഴിൽ നികുതിക്കായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നും നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് നികുതി ഡിമാന്റ് ചെയ്ത് അടവാക്കുന്ന വിവരം അറിയിക്കേണ്ടതാണ്.

B) സഞ്ചയ വസ്തുനികുതി നിർണ്ണയം പ്രകാരം റിസോർട്ടായി രേഖപ്പെടുത്തിയിരിക്കുന്ന, താഴെ പറയുന്ന കെട്ടിടങ്ങളിൽ റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ലൈസൻസ് വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി നം. 4/19.01.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | കെട്ടിട നം. | റിസോർട്ടുകളുടെ പേര് |
|---|---|---|
| 1 | 1/5 | K.R. Vidhuraj, K.R. Govind Raj, Rajini P. |
| 2 | 12/141 | ശിവാനന്ദൻ , സൗദീർഷ |

വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെങ്കിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്

പഞ്ചായത്ത് വക വസ്തുക്കൾ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്നതിനുള്ള ബൈലോ, 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 256, 1995 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടിരുന്നു (നം. 11/20.01.2023). ആയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രകാരം ബൈലോ തയ്യാറാക്കി പഞ്ചായത്ത് വക വസ്തുക്കൾ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്നത് നിയമപരമായി സുരക്ഷിതമാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 അനധികൃത കെട്ടിട നിർമ്മാണം-തുടർ നടപടികൾ

എ) വിവരാവകാശനിയമം 2005 പ്രകാരം (വിവരാവകാശ രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. 13/20-21) ഉള്ള അപേക്ഷയ്ക്ക് മറുപടിയായി ഗ്രാമപഞ്ചായത്ത് നൽകിയിരിക്കുന്ന കത്തിൽ (നമ്പർ എഫ്.4624/2021 Dt. 20.10.2021), വാർഡ് 13 ൽ സെന്റ് മേരീസ് ലാബിന് മുകളിൽ കെട്ടിട നിർമ്മാണാനുമതിക്കായി പഞ്ചായത്തിൽ അപേക്ഷ ലഭിക്കുകയോ പ്ലാൻ പാസാക്കി നൽകുകയോ ചെയ്തിട്ടില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. ഇത് അനധികൃത നിർമ്മാണമാണോ എന്നതും ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്ന തുടർനടപടി വിവരങ്ങളും മേൽ കെട്ടിടത്തിന്റെ നിലവിലുള്ള നമ്പരും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.18/21.01.23) ലഭ്യമാക്കിയ മറുപടിയിൽ, 13 അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് മാറ്റുന്നതിന് അന്തിമ ഉത്തരവ് നൽകിയിരുന്നതാണെന്നും ടി ഉത്തരവിനെതിരായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP (C) 24400/2022 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും പഞ്ചായത്ത് നൽകിയിട്ടുള്ള അന്തിമ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. കേസ് സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. 13/208 നമ്പർ കെട്ടിടത്തിന്റെ താഴത്തെ നിലയിലെ എടുപ്പുകൾ പൊളിച്ച് മാറ്റുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണം സംബന്ധിച്ച് ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

ബി) അനധികൃത കെട്ടിടങ്ങളുടെ (U/A) രജിസ്റ്റർ പ്രകാരം 135 കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ഈ ഇനത്തിൽ 125 കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. വ്യത്യാസത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് തീരദേശ പരിപാലന നിയമത്തിന്റെ ലംഘനങ്ങളായിട്ടുള്ളതും കേരള നെൽവയൽ തണ്ണീർതട സംരക്ഷണ ആക്ട് ലംഘനങ്ങളായിട്ടുള്ളതുമായ നിർമ്മാണങ്ങൾ സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത് അംഗീകരിക്കാനാവില്ല. രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളവ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താതിരിക്കുന്നത് ഉചിതമല്ല. റഗുലറൈസ് ചെയ്ത കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യാത്തതാണോ വ്യത്യാസത്തിനു കാരണമെന്ന് പരിശോധിച്ച്, അനധികൃത കെട്ടിടങ്ങളുടെ സഞ്ചയസോഫ്റ്റ് വെയർ രേഖകൾ, U/A രജിസ്റ്റർ രേഖകൾ എന്നിവ പൊരുത്തപ്പെടുത്തി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-15 തനത്ഫണ്ടിൽ നിന്നും സ്വകാര്യവ്യക്തിക്കായി ചെലവഴിച്ച തുക തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 3-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സെന്റ് പീറ്റേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ അധികൃതരുടെ അഭ്യർത്ഥന പ്രകാരം സ്കൂൾ കെട്ടിടത്തിൽ അധ്യയനത്തിന് തടസ്സമായി നിന്നിരുന്ന സ്വകാര്യവ്യക്തിയുടെ പുരയിടത്തിലെ പുളിമരക്കൊമ്പുകൾ മുറിച്ച് നീക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 4000/-രൂപ (ചെക്ക് നം-241104 തിയതി 20/12/2021) ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08/12/2021 ലെ 11 (3) നമ്പർ തീരുമാനപ്രകാരം ശ്രീ.ജോസഫ് സാബു എന്ന വ്യക്തിക്കാണ് തുക അനുവദിച്ചിട്ടുള്ളത്.ഇതേ തീരുമാനപ്രകാരം തന്നെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ഉത്തരവാദിയായ സ്വകാര്യവ്യക്തിയിൽ നിന്നും തിരികെ ഈടാക്കാനും നിർദ്ദേശിച്ചിരുന്നു. ഈ തുക തിരികെ ഈടാക്കിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-21 തിയതി-21/01/2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനപ്രകാരമുള്ള തുക തനത് ഫണ്ടിൽ തിരികെ ലഭ്യമാകാത്ത സാഹചര്യത്തിൽ സ്വകാര്യവ്യക്തിക്കായി നടത്തിയ 4000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഉദ്ഘാടനചടങ്ങുകൾക്ക് പഞ്ചായത്ത് വിഹിതം നൽകൽ- രേഖകൾ ഹാജരാക്കിയില്ല

കുമ്പളങ്ങി ഗവ. യു.പി.സ്കൂളിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങുകൾക്ക് 70,000 രൂപയിലധികം ചെലവഴിച്ചുവെന്നും ഇതിൽ കരാറുകാരനിൽ നിന്നും 20,000 രൂപ ലഭിച്ചുവെന്നും ബാക്കിയുള്ളതിൽ കുറച്ച് തുക അധ്യാപകരുടെ വിഹിതമായും കണ്ടെത്തുമെന്നും ബാക്കി ചെലവുകൾക്കായി പഞ്ചായത്ത് വിഹിതം നൽകണമെന്നും സ്കൂൾ ഹെഡ്മാസ്റ്റർ 15/02/2022 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21/02/2022ലെ 11(2)

തീരുമാനപ്രകാരം 10,000 രൂപ (ചെക്ക് നം-048918/10/03/2022) ഹെഡ്മാസ്റ്റർക്ക് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.3866/2015/തസ്വഭവ തീയതി 28/12/2015 പ്രകാരം പഞ്ചായത്ത് നടത്തുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് ചെലവഴിക്കാവുന്ന ആകെ തുക 10,000 രൂപ മാത്രമായിരിക്കെ 70,000 രൂപയിലധികം ചെലവഴിച്ചതായി സ്ഥാപനത്തിൽ നിന്നും തന്നെ രേഖാമൂലം അറിയിച്ച സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തിയ പരിപാടിയല്ലാതിരുന്നിട്ടും പഞ്ചായത്ത് ചെലവുകൾ നേരിട്ട് നടത്താതെയും ചെലവിന്റെ രേഖകളില്ലാതെയും 10,000/-രൂപ തനത്ഫണ്ടിൽ നിന്നും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.20/21-01-2023) നല്കിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 അപകടകരമായി നിന്ന മരങ്ങൾ മുറിച്ച് നീക്കൽ- ലേലം വഴി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അപകടകരമായ രീതിയിൽ നിന്നിരുന്ന മരങ്ങളും ശിഖരങ്ങളും വെട്ടിമാറ്റുന്നതിന് തനത് ഫണ്ടിൽ നിന്നും 230800104 -Expenses For Cutting Dangerous Trees എന്ന ഹെഡിൽ 2021-22 വർഷം 47,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഹോമിയോ ആശുപത്രി പരിസരത്തെ മരം മുറിച്ച് മാറ്റിയതിന് ശ്രീ.ജൂഡ്,കരിപ്പോട് എന്ന വ്യക്തിക്ക് 7,000 രൂപ നൽകിയിട്ടുണ്ട്(ചെക്ക് നം -22100852/11/03/2022). കൂടാതെ കുമ്പളങ്ങി ഗവ.യു.പി. സ്കൂളിൽ സ്ഥിതി ചെയ്തിരുന്ന 2 മരങ്ങളും മാവിന്റെ ശാഖകളും മുറിച്ചതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 16/03/2021 ലെ 5/2 ലെ തീരുമാനപ്രകാരം 28,000/- രൂപ (ചെക്ക് നം -241137/dtd 28/01/2022) സ്കൂൾ ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഹെഡ്മാസ്റ്റർ അപേക്ഷയോടൊപ്പം ഹാജരാക്കിയ വൗച്ചർ പ്രകാരം നാല് പണിക്കാർക്ക് 5 ദിവസത്തെ കൂലി നൽകിയാണ് മരങ്ങൾ മുറിച്ച് മാറ്റിയതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്രയധികം തുക ചെലവഴിച്ച് മുറിച്ച് മാറ്റിയ മരങ്ങളുടെയും മുറിച്ചു മാറ്റപ്പെട്ട ശിഖരങ്ങളുടെ വിറകിന്റെയും മൂല്യനിർണയം വനംവകുപ്പിൽ നിന്നും ലഭ്യമാക്കുകയോ മരങ്ങളും ശിഖരങ്ങളും ലേലം ചെയ്തു നൽകിയതിന്റെയോ ലഭിച്ച തുകയുടേയോ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ക്വട്ടേഷൻ വിളിക്കാതെയാണ് മരങ്ങളും ശിഖരങ്ങളും വെട്ടി മാറ്റിയിട്ടുള്ളത്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-23/23-01-2023) നൽകിയെങ്കിലും ലേലം നടത്തിയതിന്റെയോ ലഭിച്ച തുകയുടെയോ വിശദാംശങ്ങളൊന്നും ലഭ്യമാക്കിയില്ല. മുറിച്ച മരത്തിന്റെ അളവോ ലേലവിവരങ്ങളോ വനം വകുപ്പിൽ നിന്നുള്ള രേഖകളോ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുകയായ 47000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സാധനങ്ങൾ വാങ്ങുന്നതിനും സേവനങ്ങൾക്കും ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 ഖണ്ഡിക 2.3 (ബി,സി,ഡി) എന്നിവ പ്രകാരം ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടിവരുന്ന ആകെ സാധനങ്ങളുടേയും സേവനങ്ങളുടേയും കണക്കെടുപ്പ് നടത്തുകയും ബാധകമായ സമാഹരണരീതി പ്രകാരം വാങ്ങൽ നടത്തുന്നതിനും ഓഫീസ് ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങാനും നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം 5000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷനുകൾ വഴിയും 25000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. ക്വട്ടേഷൻ/ടെണ്ടർ നോട്ടീസ് തയ്യാറാക്കി, ആവശ്യമുള്ള സംഗതികളിൽ പത്രപ്പരസ്യം നൽകി, ക്വട്ടേഷൻ/ടെണ്ടർ സമർപ്പണത്തിന് നിയമാനുസൃത സമയം അനുവദിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു മൂലം സാധനങ്ങളും സേവനങ്ങളും വിതരണക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ സമാഹരിക്കുന്നതിനുള്ള അവസരം ലഭ്യമായില്ല. ഇപ്രകാരമുള്ള ഏതാനും ചെലവുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

01) ഗ്രാമപഞ്ചായത്ത് നടത്തിയ സാഗി പദ്ധതിയുടെ ഉദ്ഘാടന ചടങ്ങുകൾക്ക് സ്റ്റേജ്, പന്തൽ,സൗണ്ട് എന്നിവക്കായി ലൈറ്റ്നിംഗ് സൗണ്ട്സ് & ഇലക്ട്രിക്കൽസ്,കുമ്പളങ്ങി എന്ന സ്ഥാപനത്തിന് 67,270/-രൂപ (ചെക്ക് നം.048907/28/02/2022) നല്കി. എന്നാൽ ഈയിനത്തിലെ ചെലവുകൾക്ക് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകളൊന്നും വൗച്ചറുകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല.

02) ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് റിവോൾവിംഗ് ചെയർ വാങ്ങി ഏജൻസീസ്,തോപ്പുംപടി എന്ന സ്ഥാപനത്തിന് 7,100/- രൂപ (ചെക്ക് നം.241066/26/11/2021) നൽകിയിട്ടുണ്ട്. എന്നാൽ ഈ വാങ്ങലിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങളും വൗച്ചറുകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല.

03) ഗ്രാമപഞ്ചായത്ത് 10ാം വാർഡിൽ പഞ്ചായത്ത് വക സ്ഥലത്ത് അപകടാവസ്ഥയിൽ നിന്നിരുന്ന കേടായ തെങ്ങ് വെട്ടിമാറ്റുന്നതിന് 20/07/2021 ൽ വാർഡ് മെമ്പർ നൽകിയ കത്ത് പരിഗണിച്ച

പഞ്ചായത്ത് കമ്മിറ്റി 30/10/2021ലെ 10(2) നമ്പർ തീരുമാന പ്രകാരം ഇതിന് അനുമതി നൽകിയിരുന്നു. 17/11/2021 ൽ മരം വെട്ടി മാറ്റിയതായി ശ്രീ.ഷാലിൻ ശങ്കരാടിത്തറ എന്നയാൾ അറിയിച്ചതിനെത്തുടർന്ന് കൂലിയായി 8,000/- രൂപ 27/11/2021 ലെ ചെക്ക് നം. 241071 പ്രകാരം നൽകിയിട്ടുണ്ട്. വാർഡ് മെമ്പറുടെ അപേക്ഷ, ഭരണ സമിതി യോഗത്തിന്റെ മിനിട്സ് എന്നിവ പ്രകാരം പ്രവൃത്തി നാല് മാസങ്ങൾക്ക് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇവിടെയും ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് ചെലവ് നടത്തിയത്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-24/23-01-2023) രേഖകൾ ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗരേഖ പ്രകാരം മാത്രം സാധനങ്ങൾ വാങ്ങുന്നതിനും സേവനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള ടിപ്പിംഗ് ചാർജ് കുടിശിക വരുത്തി

കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ ജൈവ മാലിന്യം സംസ്കരിക്കുന്നതിന് ടിപ്പിംഗ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് കൊച്ചി നഗരസഭ സെക്രട്ടറിയുടെ MOH12-3057/2018,തീ.09.9.21 നമ്പർ കത്ത് 20.9.21 ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ ചർച്ച ചെയ്യുകയും ടിപ്പിംഗ് ചാർജ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള 4,47,808/-രൂപ അടിയന്തിരമായി ഒടുക്കുന്നതിനും 2020 സെപ്റ്റംബർ മാസം അവസാനിച്ച കരാർ പുതുക്കുന്നതിനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനുമായി വ്യാപാരി-വ്യവസായി ഏകോപന സമിതി പ്രതിനിധികളുടെ യോഗം വിളിച്ച് ചേർക്കുന്നതിനും തീരുമാനിച്ചു(തീരുമാനം നമ്പർ-14(6)).ഈ വിഷയം സംബന്ധിച്ച് ചുവടെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനും ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 30/23.01.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തില്ല.

1) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കൊച്ചി നഗരസഭ സെക്രട്ടറിയും തമ്മിൽ വെച്ചിട്ടുള്ള കരാർ പുതുക്കിയിട്ടുണ്ടോ എന്നും നിലവിലെ കരാർ കാലാവധി എന്നു വരെയാണ് എന്നും വ്യക്തമാക്കിയില്ല.

2) പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരികളിൽ നിന്നും എത്ര രൂപ നിരക്കിലാണ് പ്രതിമാസം ടിപ്പിംഗ് ചാർജ് ഈടാക്കുന്നത് എന്നും കൃത്യമായി ടിപ്പിംഗ് ചാർജ് വ്യാപാരികളിൽ നിന്നും ഈടാക്കി ആയത് കുടിശിക വരുത്താതെ കൊച്ചി നഗരസഭയിൽ അടവാക്കുന്നതിന് നിലവിൽ പഞ്ചായത്ത് എന്തു സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കേണ്ടതാണ്.

3) കൊച്ചി നഗരസഭാ സെക്രട്ടറിയുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള കുടിശ്ശിക 4,47,808/-രൂപ വ്യാപാരികളിൽ നിന്നും ഈടാക്കി കൊച്ചി നഗരസഭയിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4) കമ്മറ്റി തീരുമാനം പ്രകാരം വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ചു ചേർത്തോ എന്നും നിലവിൽ വ്യാപാരികളിൽ നിന്നും കൃത്യമായി ടിപ്പിംഗ് ചാർജ് ഈടാക്കി അടവാക്കുന്നുണ്ടോ എന്നും വ്യക്തമാക്കിയില്ല.

നാളിതു വരെയായി കുടിശ്ശിക വരുത്തിയ ടിപ്പിംഗ് ചാർജ് വ്യാപാരികളിൽ നിന്നും ഈടാക്കി കൊച്ചി നഗരസഭയിൽ അടവാക്കുന്നതിന് പഞ്ചായത്ത് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.തുടർന്ന് കുടിശ്ശിക വരുത്താതെ കൃത്യമായി ടിപ്പിംഗ് ചാർജ് അടവാക്കുന്നു എന്നു ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ ഉടനടി സ്വീകരിച്ചില്ലെങ്കിൽ കുടിശ്ശിക തുക ലഭിക്കുന്നതിന് ഭാവിയിൽ കൊച്ചി നഗരസഭ കോടതിയെ സമീപിച്ചാൽ ഭീമമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കേണ്ട സാഹചര്യം സംജാതമാകുന്നതായിരിക്കും .

1-20 അംഗൻവാടികളിലേക്ക് കംപ്യൂട്ടറുകൾ വാങ്ങുന്നതിനായി തുക മുൻകൂർ നൽകിയെങ്കിലും കംപ്യൂട്ടറുകൾ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 12/22 |
| അടങ്കൽ | 193680/-( മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ട് ) |
| ചെലവ് | 193344/-(ബിൽ നം. 19/21-22 Rs.187680/- Dtd 10.03.2022 & 23/2021-22 Rs.5664/- C/o 31/03/2022 ) |

കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ ആറ് അംഗൻവാടികളിലേക്ക് ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങി നൽകുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 1,93,344 /- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (ആർ.ടി.നം.34/2021/ITD Dtd 19.02.2021) പ്രകാരം 31280/- രൂപ വിലവരുന്ന 6 ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ C.P.R.C.S പോർട്ടലിൽ നിന്നും കെൽട്രോൺ വഴി കംപ്യൂട്ടറുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രഫോർമ ഇൻവോയ്സ് നം | തിയതി | തുക |
|---|---|---|---|
| 1 | TVM/ITBG/PI/RC /34786/2020-21 | 09.02.2022 | 187,680/- |

2022 മാർച്ച് 10 ന് കെൽട്രോണിന് മുൻകൂർ തുക നൽകിയെങ്കിലും കെൽട്രോൺ തുക കൈപ്പറ്റിയതിന്റെ രസീത്,കെൽട്രോണുമായി ഏർപ്പെട്ട കരാർ എന്നിവയൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കെൽട്രോൺ കംപ്യൂട്ടറുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതി പ്രകാരം തന്നെ ടെക് കെയർ സിസ്റ്റംസ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 944/- രൂപ വീതം വിലയുള്ള 6 സ്പീക്കറുകൾ വാങ്ങിയിട്ടുണ്ട്. കെൽട്രോൺ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 2022 മാർച്ച് മാസം മുതൽ ഇത് ഉപയോഗിച്ചിട്ടില്ല. കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-9/20 /01/2023) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. മുൻകൂർ നൽകിയിട്ടും ഉപകരണങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 193344/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 അംഗൻവാടി കുടിവെള്ള കണക്ഷൻ നൽകൽ- പ്രവൃത്തികൾ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമല്ല

| | |
|---|---|
| പ്രോജക്ട് നം. | 127/2022 |
| അടങ്കൽ | 93840/- |
| ചെലവ് | 93340/- (ചെക്ക് നം-048970 Dtd 30/03/2022 |

കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം അങ്കണവാടി നം-2,3,12,20,65,27എന്നിവിടങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട പ്ലംബിംഗ് വർക്കുകൾക്കായി ക്ഷണിച്ച ക്വട്ടേഷനിൽ കുറഞ്ഞ തുകയായ 93840/- രൂപ രേഖപ്പെടുത്തിയ ആർ.ടെക് പ്ലംബിംഗ് എന്ന സ്ഥാപനം വഴിയാണ് പദ്ധതി തുക ചെലവഴിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തി തയ്യാറാക്കുന്ന ഒരു എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ചെയ്യേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങളും ചെലവും തീരുമാനിക്കേണ്ടത്. ഇവിടെ അംഗീകൃത എസ്റ്റിമേറ്റില്ലാതെ, ലഭിച്ച 3 ക്വട്ടേഷനുകളിലെ കുറഞ്ഞ തുക പ്രകാരം ചെലവ് നടത്തുകയും ഈ തുകക്ക് ബിൽ മാറി നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ബി) മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികളിലൂടെ ടെണ്ടർ ക്ഷണിച്ചാണ് പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതിയിൽ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതിന് പകരം ക്വട്ടേഷൻ നടപടിയാണ്

സ്വീകരിച്ചിട്ടുള്ളത്.

സി) പദ്ധതിക്കായി ക്ഷണിക്കുന്ന ടെണ്ടറുകളിലും ക്വട്ടേഷനുകളിലും ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും ഉപയോഗിക്കേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷനും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഈ പദ്ധതിക്കായി ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്ലംബിംഗിന് ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണമേന്മ (ISI മാർക്ക്) ഉറപ്പുവരുത്തുന്ന നിബന്ധനകളൊന്നും ക്വട്ടേഷൻ നോട്ടീസ് വഴി ഉറപ്പുവരുത്തിയിട്ടില്ല. പ്ലംബിംഗിന് ഉപയോഗിക്കുന്ന പൈപ്പുകളും ഫിറ്റിംഗ്സുകളും വാട്ടർ ടാങ്കുകളും പല ഗുണനിലവാരത്തിലും വില നിലവാരത്തിലും വിപണിയിൽ ലഭ്യമാണെന്നിരിക്കെ കുറഞ്ഞ ക്വട്ടേഷനിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ തന്നെയാണ് ലഭ്യമാക്കിയത് എന്ന് ഉറപ്പുവരുത്തുന്ന വിധം ക്വാളിറ്റി പരിശോധന നടത്തിയത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

ഡി) പഞ്ചായത്തിലെ മരാമത്ത് വിഭാഗം പ്രവൃത്തികളുടെ നിർവ്വഹണത്തിനായി പ്രത്യേകമായി എഞ്ചിനീയറിംഗ് വിഭാഗം നിലവിലുള്ള സാഹചര്യത്തിൽ അവർ സ്ഥലപരിശോധന നടത്തി പ്രവൃത്തിയുടെ മൂല്യം നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ബില്ലുകൾ തയ്യാറാക്കേണ്ടതും തുക നൽകേണ്ടതും. എന്നാൽ അംഗീകൃത എസ്റ്റിമേറ്റോ വാല്യുവേഷനോ ഇല്ലാത്തതിനാൽ സർക്കാർ അംഗീകൃത നിരക്കിലാണോ ചെലവ് കണക്കാക്കിയത് എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 06/19-01-2023) വിശദീകരണം ലഭ്യമാക്കിയില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ 93340/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ബഡ്സ് സ്കൂളിലേക്ക് കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 129/22 |
| അടങ്കൽ | 52,500/-( മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ട്) |
| ചെലവ് | 52246/-<br>Rs.51302/- ബിൽ നം. 239/21-22 Dtd 27.02.2022 &<br>22/2021-22 Rs.944/- C/o 31/03/2022) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ബഡ്സ് സ്കൂളിലേക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിക്ക് സർക്കാർ ഉത്തരവ് പ്രകാരം (ആർ.ടി.നം.34/2021/ITD Dtd 19.02.2021) കെൽട്രോൺ വഴി C.P.R.C.S പോർട്ടലിൽ നിന്നും പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG /PI/RC/34787/2020-21 Dtd 09.02.2022 പ്രകാരം 31280/- രൂപ വില വരുന്ന ഒരു ഡെസ്ക്ടോപ്പ് കംപ്യൂട്ടറും പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/PI/RC/34807/2020-21 Dtd 10.02.2022 പ്രകാരം 7069/- രൂപ വില വരുന്ന ഒരു A4 Flatbet സ്കാനറും പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/PI/RC /34807/2020-21 Dtd 10.02.2022 പ്രകാരം 12,953/- രൂപ വില വരുന്ന ഒരു A4 Monochrome ലേസർ പ്രിന്ററും വാങ്ങുന്നതിനായി 51,302/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്. 2022 മാർച്ച് 7 ന് കെൽട്രോണിന് മുൻകൂർ തുക നൽകിയെങ്കിലും കൈപ്പറ്റിയതിന്റെ രസീത്, ഇതുവരെ ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. ഇത് കൂടാതെ ഈ പദ്ധതി പ്രകാരം ടെക് കെയർ സിസ്റ്റംസ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 944/-രൂപ വിലയുള്ള സ്പീക്കർ വാങ്ങിയിട്ടുണ്ട്. കെൽട്രോൺ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാങ്ങിയത് മുതൽ ഇത് ഉപയോഗിക്കുന്നില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-8/20/01/2023) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. മുൻകൂർ നൽകിയിട്ടും ഉപകരണങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 52246/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ആട് വിതരണം - യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ളതിലും അധികം സബ്സിഡി നൽകി

| | |
|---|---|
| പ്രോജക്ട് നം | 36/2022 |

| | |
|---|---|
| അടങ്കൽ | 200000/- (Plan- G -200000) |
| ചെലവ് | 60,000 (Plan G) |
| 1)ബിൽ നം | 03/2021-22 Rs.35,000/- C/o 29/01/2022 |
| 2)ബിൽ നം | 04/2021-22 Rs.25,000/- C/o 28/02/2022 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ ആടുകളെ വിതരണം ചെയ്യുന്നതിന് നടപ്പിലാക്കിയ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 60,000/-രൂപ സബ്സിഡി നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ ഒരാടിനെ വീതം 12 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഒരാടിന് 10,000/-രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് അതിന്റെ 50% ആയ 5000/-രൂപ നിരക്കിലാണ് സബ്സിഡി വിതരണം ചെയ്തത്.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് സ.ഉ(കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീ.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2.2 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ പദ്ധതി പ്രകാരം വിതരണം നടത്തുന്ന ആടുകളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിലാണ് നിശ്ചയിക്കേണ്ടത്. 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ചിരുന്നില്ല. 2020-21 ൽ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച ജില്ലാതല യൂണിറ്റ് കോസ്റ്റാണ് പദ്ധതി കാലയളവിൽ നിലവിലുണ്ടായിരുന്നത് (ഉത്തരവ് നമ്പർ 61139/20 /ഡി.പി.സി/ ഡി.പി.ഒ/ഇ.കെ.എം തീയതി 20/03/2020.) ഇത് പ്രകാരം മലബാറി ആടുകൾക്ക് (ഒരു വയസ്സ്, 20 Kg ) 8,000/- രൂപയാണ് വില നിശ്ചയിച്ചിരുന്നത്. ഇത് പ്രകാരം ഒരു വയസ്സുള്ള ആടിന് പരമാവധി 4000/- രൂപയാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ ആടിന് 5,000/-രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ 2021-22 വർഷത്തെ യൂണിറ്റ് കോസ്റ്റ് ലഭിക്കാത്ത സാഹചര്യത്തിൽ മുൻവർഷത്തെ നിരക്കുകളിൽ അധികരിച്ച് സബ്സിഡി നൽകിയതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങിയതായുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/19-01-2023) ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭിച്ച ടെക്നിക്കൽ അനുമതി പ്രകാരമാണ് പദ്ധതി നടത്തിയതെന്നും ജില്ലാ തലത്തിലെ 2021-22 വർഷത്തെ യൂണിറ്റ് കോസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതി ചെലവ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-24 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഐ കെ എം വിഹിതം നൽകൽ,025/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | ₹65545/- |
| ചെലവ് വിവരം | ₹65545/-(ബിൽ നമ്പർ 72/21.10.2021) |

മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം ഇനത്തിൽ ₹65545/- ഡയറക്ടർ, ഐ.കെ.എം.ന് നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഇതുവരെയും ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 01/19.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹65545/-തടസ്സപ്പെടുത്തുന്നു.

1-25 സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ,0001/22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 100000/- (വികസന ഫണ്ട്) |
| ചെലവ് വിവരം(ബിൽ നം/തീയതി) | 100000/- ,65/12.10.21 |

സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി 1,00,000/-രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം, ആവശ്യമായ രേഖകൾ എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/19.01.2023) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-26 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(കെ.എസ്.ഇ.ബി)

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയും പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| കെ എസ് ഇ ബി,കുമ്പളങ്ങി | 2021-22 വിവിധ വാർഡുകളിൽ തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ, 191/22 | 1,51,109/- (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 1,51,106/- | 27/ 14.03.2022 |
| കെ എസ് ഇ ബി,കുമ്പളങ്ങി | വിവിധ വാർഡുകളിൽ തെരുവ് വിളക്കിനായി ലൈൻ വലിയ്ക്കൽ, 101/22 | 3,77,578/- (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 3,77,578/- | 205/ 09.02.2022 |
| | | ആകെ | 528684 | |

വിവിധ വാർഡുകളിലേക്ക് സട്രീറ്റ് ലൈൻ വലിക്കൽ പദ്ധതി പ്രകാരം മുകളിൽ സൂചിപ്പിക്കുന്ന തുകകൾ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ പണി പൂർത്തിയാക്കി തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.27/21.12.22). ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ചെലവഴിച്ച ആകെ തുക 528684/-രൂപ തടസ്സപ്പെടുത്തുന്നു.

### 1-27 പൈപ്പ് ലൈൻ വലിക്കൽ-വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ താഴെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിട്ടി, എറണാകുളം | കുടിവെള്ളവിതരണം മെച്ചപ്പെടുത്തുന്നതിനായി പൈപ്പ് ലൈൻ വലിക്കൽ 126/22 | 25,03,200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 2036000/- | 272/14.3.22 |

മേൽ പരാമർശിത പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 19.01.2023 ലെ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിലെ 2036000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-28 തെരുവ് വിളക്കുകളുടെ പരിപാലനം- ടെണ്ടർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കരാറുകാരന് അധിക തുക നൽകി

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് സാധന സാമഗ്രികളടക്കം നടത്തുന്നതിനായുള്ള വാർഷിക മെയിന്റനൻസ് കരാർ ടെണ്ടർ നടപടികളിലൂടെ ഏറ്റെടുത്തിട്ടുള്ളത് ശ്രീ ജോസി റാഫേൽ എന്ന കരാറുകാരനാണ്. ടിയാൻ ക്വാട്ട് ചെയ്ത നിരക്കുകൾ ഭരണസമിതിയുടെ 17.11.2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 18.11.2021 ൽ ചമച്ച കരാർ പ്രകാരം പ്രവൃത്തി നിർവ്വഹണം ടിയാനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ജി.എസ്.ടി നിരക്ക് ഉൾപ്പെടെയാണ് കരാറുകാരൻ ക്വാട്ട് ചെയ്തത്. എന്നാൽ വേണ്ടത്ര പരിശോധന നടത്താതെ ബിൽ തുക അനുവദിച്ചപ്പോൾ വീണ്ടും ജി.എസ്.ടി കൂടി കൂട്ടി നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-1ൽ ചേർത്തിട്ടുണ്ട്.

1-29 തെങ്ങ് കൃഷി വികസനം -ഡോളമൈറ്റ് വാങ്ങിയതിന് അധിക നിരക്കിൽ തുക നൽകി

| | |
|---|---|
| പ്രോജക്ട് | തെങ്ങ് കൃഷി വികസനം, 47/22 |
| അടങ്കൽ | 190000/-(വികസനഫണ്ട്-ജനറൽ)+63334/- (ഗുണഭോക്തൃവിഹിതം) ആകെ അടങ്കൽ 253334 /- |
| ചെലവ് | 1)ബിൽ നം.05/21-22, 31.01.22 – 180600/- |
| | 2)ബിൽ നം. 8/22.02.22- 43000/- |
| | 3)ചെക്ക് നം.316/25.03.22–78000/- |
| നിർവഹണഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

തെങ്ങ് കൃഷി വികസനത്തിനായി കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്നതിന് Kerala Agro Industries Corporation Ltd ൽ നിന്ന് Organic Neem,Dolomite തുടങ്ങിയ വളങ്ങൾ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്.

1)ഇൻവോയ്സ് നം.95/15.11.21- 180600/-

2)ഇൻവോയ്സ് നം.231/27.01.22- 58000/-
3)ഇൻവോയ്സ് നം.232/27.01.22- 63000/-

ക്രമ നം.1 ഇൻവോയ്സ് പ്രകാരം വേപ്പിൻ പിണ്ണാക്ക് 1500 കിലോയും,ഡോളമൈറ്റ് 500 കിലോയും ക്രമ നം.2,3 ഇൻവോയ്സുകൾ പ്രകാരം വേപ്പിൻ പിണ്ണാക്ക് 6300 കിലോയും,ഡോളമൈറ്റ് 2100 കിലോയും KAICO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വേപ്പിൻ പിണ്ണാക്കിന് കിലോഗ്രാമിന് 35/-രൂപയും,ഡോളമൈറ്റിന് 10.48/-രൂപയും നിരക്കിലാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. തദ്ദേശസ്ഥാപനങ്ങളിലെ വാർഷികപദ്ധതികളുടെ സബ്സിഡി-മാർഗരേഖ, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ 14.02.18 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.22/18/തസ്വഭവ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിന് ജില്ലാതലത്തിൽ കളക്ടർ അധ്യക്ഷനായ സമിതി രൂപീകരിച്ചിരുന്നു. ഈ സമിതിയുടെ 20.03.2020 ലെ 61139/DPC/DPO/EKM നം.ഉത്തരവ് പ്രകാരം ഡോളമൈറ്റിന്റെ പരമാവധി യൂണിറ്റ് കോസ്റ്റ് 8/-രൂപയാണ്. അനുവദനീയമായതിലും കൂടുതൽ യൂണിറ്റ് കോസ്റ്റ് നൽകി വളം വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2021-22 പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ജില്ലാതലത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതും ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/21.01.2023)ലഭിച്ച മറുപടിയിൽ പ്രത്യേക നിരക്ക് 2021-22 സാമ്പത്തിക വർഷം ഇല്ലാതിരുന്നതിനാലാണ് പ്രാദേശിക തലത്തിൽ ഉണ്ടായിരുന്ന നിരക്ക് നൽകിയതെന്ന് വിശദീകരിച്ചു. അതിനാൽ സബ്സിഡിയിനത്തിൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-30 നീന്തൽ പരിശീലന കേന്ദ്രം -നാശോന്മുഖമായ അവസ്ഥയിൽ

ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് നീന്തൽ പരിശീലനത്തിനായി 2020 ൽ ഒരു കുളം നിർമ്മിക്കുകയും ആയത് ഉപയോഗത്തിനായി തുറന്ന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ടീം 20.01.2023 ൽ ആ സ്ഥലത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ ഈ കുളം ചപ്പ് ചവറുകൾ നിറഞ്ഞ് തീർത്തും ഉപയോഗ ശൂന്യമായ അവസ്ഥയിലാണ് കാണപ്പെട്ടത്. ഈ കുളം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

ഈ നീന്തൽ കുളത്തിന് സമീപം ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ടോയ്ലറ്റ് നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ തീർത്തും അശാസ്ത്രീയമായ രീതിയിലാണ് നീന്തൽ പരിശീലന കേന്ദ്രം നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഈ പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.22/23.01.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആസ്തികൾ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. നീന്തൽകുളം എത്രയും വേഗം പൊതു ജനങ്ങൾക്ക് ഉപയോഗയോഗ്യമാകും വിധം തുറന്ന കൊടുക്കുവാൻ അധികാരികൾ

നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ- സർക്കാർ നിർദ്ദേശമില്ലാതെ ചെലവ് നടത്തി

2021-22 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരൊഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം പല തവണകളായി താല്ക്കാലികമായി മാറ്റിവെച്ചു കൊണ്ട് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം തന്നെ 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. നമ്പർ ഉത്തരവിലൂടെ 2021-22 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ 31/05/2021 വരെ സർക്കാർ നീട്ടിയിരുന്നു. തുടർന്നും ഇത് 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് G.O(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരവും ഇപ്രകാരമുള്ള നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചുകൊണ്ട് G.O(P) No. 160/2021/ Fin. Dated 01/12/2021 നമ്പർ പ്രകാരവും സർക്കാർ ഉത്തരവിട്ടിരുന്നു.
2021-22 സാമ്പത്തിക വർഷം ഇപ്രകാരം വിവിധ ഉത്തരവുകൾ വഴി സംസ്ഥാനത്തെ എല്ലാ സർക്കാർ നിയന്ത്രണമുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം പൊതുവെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ഈ കാലയളവിൽ ആർജിതാവധി പണമാക്കി മാറ്റാൻ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.ബി.അജിത | സെക്രട്ടറി | 87690 | 015396/ 01-07-2021 |
| 2 | ശ്രീ.ജോസഫ് സി.എം | അസി. സെക്രട്ടറി | 59829 | 015365/ 01-06-2021 |
| 3 | ശ്രീ.രാജേഷ് ആർ | അക്കൗണ്ടന്റ് | 54390 | ,, |
| 4 | ശ്രീമതി.മായ | സീനിയർ ക്ലർക്ക് | 48174 | ,, |
| 5 | ശ്രീമതി.സീമ | സീനിയർ ക്ലർക്ക് | 44733 | ,, |
| 6 | ശ്രീമതി.പ്രീതിമോൾ | സീനിയർ ക്ലർക്ക് | 40515 | ,, |
| 7 | ശ്രീ.കെ.ജെ ജോഷി | ക്ലർക്ക് | 59829 | ,, |
| 8 | ശ്രീമതി.സജിത ബി.ജി | ക്ലർക്ക് | 34521 | ,, |
| 9 | ശ്രീമതി.പാർവ്വതി ആർ | ക്ലർക്ക് | 32765 | ,, |
| 10 | ശ്രീമതി.ദീപ്തി സി.കെ | ക്ലർക്ക് | 31909 | ,, |
| | | ആകെ | 4,94,355/- | |

മേൽ പറഞ്ഞ പ്രകാരമുള്ള തുകകൾ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ ക്രമവിരുദ്ധമായി കൈപ്പറ്റിയിട്ടുള്ളതാണ്. 2021-22 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ടും (G.O(P) No. 104/2021/ Fin. Dated 26/07/2021) ഈ നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചു കൊണ്ടും (G.O(P) No.

160/2021/ Fin. Dated 01/12/2021) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ നിരോധന കാലയളവിൽ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം-13/21-01-2023) ക്ക് മറുപടി ലഭ്യമാക്കിയെങ്കിലും ടി മറുപടി അംഗീകരിക്കാനാവില്ല. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമല്ലാതെ ചെലവഴിച്ച 4,94,355/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.തുക ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി ആനുപാതികമായ ആർജിതാവധി അക്കൗണ്ടിൽ റീ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

## 1-32 മരണപ്പെട്ടവരുടെ ക്ഷേമനിധി പെൻഷനുകൾ സേവന പെൻഷൻ പോർട്ടലിൽ ആക്ടീവായി കാണപ്പെടുന്നു

ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ വിവധ പെൻഷനുകൾ ആക്ടീവായി തുടരുന്നുണ്ട്. ( കൃഷി വകുപ്പ്, ക്ഷേമനിധി പെൻഷൻ Etc.) ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി | മരണ രജി. നം. | റിമാർക്സ് |
|---|---|---|---|---|---|
| 1 | രാമൻ എം. എൻ. | 448206131899 | 02.06.21 | 72/21 | കൃഷി വകുപ്പ് പെൻഷൻ ആക്ടീവ് Pen Id. 2220139370 |
| 2 | പി.ജെ. കൊർണേലി | 317067650279 | 15.06.21 | 73/21 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ ആക്ടീവ് Pen Id. 2090012725 |
| 3 | മേരി ജോർജ്ജ് | 768639173512 | 06.05.21 | 113/21 | " Pen Id. 2090029622 |
| 4 | മേരി ഫ്രാൻസിസ് | 221004858832 | 10.05.21 | 78/21 | കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ ആക്ടീവ് Pen Id. 2060003171 |

മരണം റിപ്പോർട്ട് ചെയ്യപ്പെട്ട പ്രാദേശിക സർക്കാർ സ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട പെൻഷൻ ഓഫീസുകളെ വിവരം അറിയിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/23.01.23) മറുപടി ലഭ്യമാക്കിയില്ല. വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. തുടർവിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-33 മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ തുകകൾ തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

മരണറിപ്പോർട്ടുകൾ (2021-22) ആസ്പദമാക്കി കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ

പെൻഷൻ വിതരണം പരിശോധിച്ചതിൽ മരണപ്പെടുന്നവരുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഷൻ നടപടികൾ കൃത്യമായി നടപ്പിലാക്കി വരുന്നതായി കാണുകയുണ്ടായി. എങ്കിലും ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ചേർക്കുന്നു.

വിതരണത്തിനായി ബാങ്കിനു കൈമാറിയ തുകകളിൽ ചിലത് (Direct To Home) ഗുണഭോക്താവ് മരണപ്പെട്ടതിനാൽ കൈമാറാൻ സാധിച്ചിട്ടില്ല എന്ന് സേവന സോഫ്റ്റ് വെയർ പ്രകാരം സ്റ്റാറ്റസ് കാണിക്കുന്നുണ്ട്. ടി തുകകൾ ഡി.ബി.റ്റി. സെല്ലിലേക്ക് തിരിച്ചടവാക്കിയെങ്കിൽ വിവരം സ്റ്ററാറ്റസിൽ രേഖപ്പെടുത്തേണ്ടതാണ്. താഴെ കാണുന്ന ഉദാഹരണങ്ങളിലെ സ്റ്റാറ്റസ് പ്രകാരം തുക നിലവിലും ബാങ്കിന്റെ കൈവശത്തിലാണ്.

എ) വാർദ്ധക്യകാല പെൻഷൻ (ഡയറക്റ്റ് ടു ഹോം)

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി/സസ്പെന്റ് ചെയ്ത തീയതി | കൈമാറാൻ സാധിച്ചിട്ടില്ലാത്ത കാലയളവ് | തുക | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | മേരി ജോസഫ് | 282945215318 | 24.04.21/19.11/21 | 6/21 To 10/21 | 8000.00 | തുക കൈമാറാൻ സാധിച്ചിട്ടില്ല. |
| 2 | റാഹേൽ | 698506757758 | 24.06.21/19.11/21 | 6/21 To 10/21 | 8000.00 | ” |
| 3 | വർക്കി | 795974803567 | 12.06.21/19.11/21 | 5/21 To 10/21 | 9600.00 | ” |
| ബി) കർഷകത്തൊഴിലാളിപെൻഷൻ | | | | | | |
| 4 | മല്ലിക | 237256407985 | 31.05.21/01.06.22 | 12/21 To 5/22 | 9600.00 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. (SBI) |
| 5 | വിലാസിനി | 277366515050 | 11.06.21/19.11.21 | 06/21 To 10/21 | 8000.00 | തുക കൈമാറാൻ സാധിച്ചിട്ടില്ല. (DTH) |
| | ആകെ | | | | 43200.00 | |

മേൽ തുകകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/23.01.23) മറുപടി ലഭ്യമാക്കിയില്ല. ടി തുകകൾ ഡി.ബി.റ്റി. സെല്ലിലേക്ക്

തിരിച്ചടവാക്കിയെങ്കിൽ ആയത് സ്റ്റാറ്റസിൽ രേഖപ്പെടുത്തേണ്ടതാണ്. തുടർനടപടികൾ പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-34 കുമ്പളങ്ങി സാമൂഹികാരോഗ്യകേന്ദ്രത്തിലെ ആംബുലൻസ് പരിപാലനം

ശ്രീ.ഹൈബി ഈഡൻ,എം.പി.യുടെ MPLADS പദ്ധതി മുഖേന കുമ്പളങ്ങി സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് അനുവദിച്ചതും സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ KL-07-CX 5547 നമ്പർ ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്നും നിശ്ചിത നിരക്കിൽ ചാർജ് ഈടാക്കുന്നതിനും തുക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്,സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ആയതിൽ നിക്ഷേപിച്ച് ആംബുലൻസിന്റെ പരിപാലന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനും 31.01.22 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചു (തീരുമാനം നമ്പർ-15(3)). എന്നാൽ ആംബുലൻസിന് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട ചാർജിന്റെ നിരക്ക് നിശ്ചയിച്ചു കൊണ്ട് ഭരണ സമിതി 21-22 വർഷം തീരുമാനം ഒന്നും എടുത്തിട്ടില്ല.നിലവിൽ കളക്ഷൻ ചാർജിനത്തിൽ ആംബുലൻസ് ഡ്രൈവർ എച്ച്.എം.സി.ഫണ്ടിൽ അടവാക്കുന്ന തുക ചെക്ക് മുഖേന പിൻവലിച്ച് മെഡിക്കൽ ഓഫീസർ പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്യുന്നത്.

31.01.22 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം പ്രകാരം ആരംഭിച്ച സംയുക്ത ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങളും ആംബുലൻസിന്റെ രജിസ്ട്രേഷൻ,ഇൻഷ്വറൻസ് രേഖകൾ, ലോഗ് ബുക്ക് എന്നിവയും ഓഡിറ്റിൽ ഹാജരാക്കിയില്ല. നാളിതു വരെ എത്ര തുക ആംബുലൻസ് കളക്ഷൻ ചാർജിനത്തിൽ മെഡിക്കൽ ഓഫീസർ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും വാർഷിക ധനകാര്യ പത്രികയിൽ ഏത് ഹെഡിലാണ് ടി തുക വരവ് വെച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയില്ല.ആംബുലൻസ് പരിപാലനം സംബന്ധിച്ചുള്ള മേൽ സൂചിപ്പിച്ച കാര്യങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ 27/23.01.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ആംബുലൻസ് പരിപാലനം സംബന്ധിച്ചുള്ള ഓഡിറ്റ് നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1)കളക്ഷൻ ചാർജ് നിശ്ചയിച്ചു കൊണ്ട് ഭരണ സമിതി തീരുമാനമെടുക്കേണ്ടതും കളക്ഷൻ ചാർജ് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും രസീത് ബുക്ക് ,കളക്ഷൻ രജിസ്റ്റർ എന്നിവ നൽകേണ്ടതുമാണ്. ഡ്രൈവർ കളക്ഷൻ തുക അടവാക്കാൻ വരുമ്പോൾ രസീത് ബുക്കും കളക്ഷൻ രജിസ്റ്ററും പരിശോധിച്ച് തുകയുടെ കൃത്യത ബോധ്യപ്പെട്ടതിനു ശേഷം മാത്രം ക്യാഷ്യർ തുക ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കേണ്ടതും ശേഷം ടി തുക ആംബുലൻസിനായുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ്.

2) ആംബുലൻസ് കളക്ഷൻ ചാർജിൽ നിന്നും ആംബുലൻസ് പരിപാലനത്തിനുള്ള ചെലവ് കണ്ടെത്തുന്നതിന് പഞ്ചായത്ത് കമ്മറ്റി 31.01.22ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ ഈ തീരുമാനത്തിന് വിരുദ്ധമായി മെഡിക്കൽ ഓഫീസറുടെ 182/22 നമ്പർ പ്രൊജക്ട് മുഖേന 23,322/- രൂപ ആംബുലൻസ് പരിപാലനത്തിന് മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് വിഹിതത്തിൽ നിന്നും ചെലവഴിച്ചു. ഇത് ക്രമപ്രകാരമല്ല. പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം സംയുക്ത അക്കൗണ്ടിൽ നിന്ന് തന്നെ ഡ്രൈവറുടെ വേതനവും ഇന്ധനച്ചെലവ് ഉൾപ്പെടെയുള്ള പരിപാലന ചെലവും കണ്ടെത്തേണ്ടതാണ്.

## 1-35 സർക്കാർ നിർദേശം നൽകിയിട്ടും വാർഡ് 17 ലെ അങ്കണവാടി കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല

സംസ്ഥാനമൊട്ടാകെ ആകെ 200 അങ്കണവാടി കെട്ടിടങ്ങൾ പി.ഡബ്ള്യു.ഡി.നിർവ്വഹണ ഏജൻസിയായി സർക്കാർ, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം എന്നിവ 60:40 അനുപാതത്തിൽ നിർമ്മാണ ചെലവ് വകയിരുത്തി 14.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നിർമ്മിക്കുന്നതിന് 2016-17 വർഷം സർക്കാർ ഉത്തരവാകുകയും നിർമ്മാണ ചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ

സ്ഥാപനം പി.ഡബ്ള്യു.ഡി.യിൽ നിക്ഷേപിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പി.ഡബ്ള്യു.ഡി.ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിനെ തുടർന്ന് വാർഡ് 17 ലെ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 വർഷം 5,80,000/-രൂപ പി.ഡബ്ള്യു.ഡി.കെട്ടിട വിഭാഗത്തിന് കൈമാറി നൽകിയെങ്കിലും ടി അങ്കണവാടി കെട്ടിടം പി.ഡബ്ള്യു.ഡി നിർമ്മിച്ചില്ല.

200 അങ്കണവാടികൾ ഉള്ളതിൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത വാർഡ് 17 ലെ അങ്കണവാടി ഉൾപ്പെടെ ആകെ 77 അങ്കണവാടികളുടെ നിർമ്മാണ ചുമതല LID&EW ചീഫ് എൻജിനീയർക്ക് കൈമാറി സ.ഉ.(സാധാ) നം.126/2021/സാ.നീ.വ.,തീ. 09.02.21പ്രകാരം സർക്കാർ ഉത്തരവായതിനെ തുടർന്ന് യൂണിറ്റ് കോസ്റ്റായ 14.50 ലക്ഷം രൂപയിൽ നിലനിർത്തി നിശ്ചിത പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി 77 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട LID&EW എൻജിനീയർമാരെ ചുമതലപ്പെടുത്തി 05.10.2021 ൽ LID&EW ചീഫ് എൻജിനീയർ ഉത്തരവ് പുറപ്പെടുവിച്ചു. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആനുപാതിക സർക്കാർ വിഹിതം അനുവദിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ബിൽ, അനുബന്ധ രേഖകൾ സഹിതം LID&EW ചീഫ് എൻജിനീയർ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്നും ടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ വാർഡ് 17 ലെ അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് യാതൊരു നടപടിയും LID&EW എൻജിനീയറിംഗ് വിഭാഗം സ്വീകരിച്ചിട്ടില്ല. നിലവിലും വാടക കെട്ടിടത്തിലാണ് ടി അങ്കണവാടി പ്രവർത്തിക്കുന്നത്. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം(സർവ്വേ നമ്പർ-1083/3,0.92 Are Area) റവന്യൂ രേഖകൾ പ്രകാരം തോട് പുറമ്പോക്ക് ആയതിനാൽ ടി ഭൂമി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് LID&EW വിഭാഗം അസി.എൻജിനീയറെ 23.12.21 ലെ പഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനം നമ്പർ- 7(1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ 28/23.01.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത് 2021-22 വർഷം 189/22 നമ്പരായി ടി പ്രൊജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ്. എന്നാൽ 2021-22 വർഷത്തെ സുലേഖ പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റിൽ ടി പ്രൊജക്റ്റ് ഉൾപ്പെട്ടിട്ടില്ല. യൂണിറ്റ് കോസ്ററിൽ അധികരിക്കാതെ അങ്കണവാടി കെട്ടിട നിർമ്മാണം എത്രയും വേഗം ആരംഭിച്ച് പൂർത്തീകരിക്കേണ്ടതും ചെലവ് രേഖകൾ സർക്കാരിൽ സമർപ്പിച്ച് സർക്കാർ വിഹിതം ലഭ്യമാക്കേണ്ടതുമാണ്.

1-36 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ടൂറിസം ഇൻഫർമേഷൻ സെന്റർ പ്രവർത്തനം

സൻസദ് ആദർശ് ഗ്രാമയോജന (സാഗി) പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം ഇൻഫർമേഷൻ സെന്ററിൽ ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സൗജന്യ സേവനം നൽകുവാൻ ടി കെട്ടിടം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ടുള്ള കേരള ഹാറ്റ്സ് ആന്റ് സ്റ്റേറ്റ് ടൂറിസം അഡ്വൈസറി കമ്മറ്റി മെമ്പർ ശ്രീ.എം.പി.ശിവദത്തന്റെ കത്തു പ്രകാരം വാർഡ് 1 ലെ സാംസ്കാരിക നിലയത്തോട് അനുബന്ധമായി സ്ഥിതി ചെയ്യുന്ന കേന്ദ്രത്തിൽ സേവനം നടത്തുന്നതിന് 31.01.22 ലെ 9(1) കമ്മറ്റി തീരുമാനം പ്രകാരം ടിയാന് അനുമതി നൽകി. ടി ഓഫീസിലേക്ക് ഹാറ്റ്സിൽ നിന്നും കംപ്യൂട്ടർ ലഭ്യമായതായും ആയതിനാൽ കംപ്യൂട്ടറിന് ബി.എസ്.എൻ.എൽ.ഇന്റർനെറ്റ് കണക്ഷൻ എടുത്തു നൽകണമെന്നുമുള്ള ടിയാന്റെ കത്ത് 15.3.22 ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ ചർച്ച ചെയ്യുകയും ഇന്റർനെറ്റ് കണക്ഷൻ എടുത്തു നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു(തീരുമാനം നമ്പർ-11(3)).

ഹാറ്റ്സ്-kerala Homestay And Tourism Society- എന്നത് ഹോം സ്റ്റേ ഉടമകൾ, ടൂറിസം പ്രൊമോട്ടേഴ്സ് തുടങ്ങിയവരുടെ ഒരു കൺസോർഷ്യം ആണ്.ഇത് ഒരു എൻ.ജി.ഓ.ആണ്.ഈ സാഹചര്യത്തിൽ കൺസോർഷ്യത്തിന് പഞ്ചായത്ത് കെട്ടിടം ഉപയോഗിക്കുന്നതിന് അപേക്ഷകനായ ശ്രീ.എം.പി.ശിവദത്തനുമായി വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വെച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനും ഹാറ്റ്സിൽ നിന്നും ലഭിച്ച കംപ്യൂട്ടറിന് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ

ഇന്റർനെറ്റ് കണക്ഷൻ എടുത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 31/23.01.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് പരിധിയിലുള്ള ഹോം സ്റ്റേകൾക്കൊന്നും അവ CRZ മേഖലയിലായതിനാൽ പഞ്ചായത്തിൽ നിന്നും വസ്തു നികുതി നിർണ്ണയിച്ച് നമ്പർ ഇട്ടു നൽകുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന് ഈ സ്ഥാപനങ്ങളിൽ നിന്നും വരുമാനമൊന്നും ലഭിക്കുന്നില്ല. ഹോം സ്റ്റേ പ്രൊമോട്ടേഴ്സിന്റെ കൺസോർഷ്യത്തിന് അവരുടെ ബിസിനസ് ആവശ്യങ്ങൾക്കായി പഞ്ചായത്ത് കെട്ടിടം വിട്ടു കൊടുക്കുന്നത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വെച്ചായിരിക്കണം. വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവ അടവാക്കുന്നത് സംബന്ധിച്ചും കരാറിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം. ആയതിനാൽ ടി എൻ.ജി.ഓ.യുമായി എത്രയും വേഗം കരാർ വെയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 പകൽവീട് സംരക്ഷണവും തുടർ നിർമ്മാണ പ്രവർത്തനങ്ങളും

കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് വക മിനി സിവിൽ സ്റ്റേഷനു സമീപം സ്ഥാപിച്ചിട്ടുള്ള പകൽ വീട് കോവിഡ് കാലത്തിനു മുൻപ് വരെ പ്രവർത്തിച്ചിരുന്നുവെങ്കിലും ലോക്ക് ഡൗണിനു ശേഷം തുറന്ന് പ്രവർത്തിച്ചിട്ടില്ല. 20.01.2023 ന് അസി.സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പകൽ വീട് സന്ദർശിച്ചപ്പോൾ മുൻഭാഗത്തെ വാതിൽ താഴിട്ട് പൂട്ടിയതായി കാണപ്പെട്ടു. എന്നാൽ പുറകു വശത്തെ വാതിൽ കുറ്റിയിടാതെ തുറന്നാണ് കിടന്നത്. പുറകു വശം കാടുപിടിച്ച് കിടക്കുന്നതായും കാണപ്പെട്ടു. പകൽ വീട്ടിൽ ടെലിവിഷൻ, ഫാൻ, എയർ കൂളർ, ഇൻഡക്ഷൻ കുക്കർ, കട്ടിലുകൾ, പാത്രങ്ങൾ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. വൃദ്ധജനങ്ങൾക്ക് പകൽ സമയം ചെലവഴിക്കുന്നതിനായി തുടങ്ങിയ സ്ഥാപനം പ്രവർത്തിപ്പിക്കാതെ അടച്ചിട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. കെട്ടിടത്തിലെ വിവിധ ഉപകരണങ്ങൾ നഷ്ടപ്പെടാതെ കെട്ടിടം അടച്ചുറപ്പോടെ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ താക്കോൽ പഞ്ചായത്തിൽ സൂക്ഷിക്കാതെ സി.ഡി.എസ്.ഓഫീസിലാണ് സൂക്ഷിച്ചിട്ടുള്ളത്. പകൽ വീട് വൃദ്ധജനങ്ങൾക്ക് തുറന്നു കൊടുക്കാത്തതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ 17/21.01.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

2021-22 വർഷം, പകൽവീടിന് അടിസ്ഥാന സൗകര്യം എന്ന പ്രൊജക്ട് അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥയായി സ്പിൽ ഓവറായി നടപ്പിലാക്കുന്നതിന് (പ്രൊജക്ട് നമ്പർ- 109/22- അടങ്കൽ- 5,48,950/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ഡി.പി.സി.അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും പ്രവൃത്തി നടപ്പിലാക്കി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ടി പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 16.12.2019 ൽ കരാറുകാരനുമായി എഗ്രിമെന്റ് വെച്ചുവെങ്കിലും നാളിതുവരെ സൈറ്റ് ഹാന്റ് ഓവർ ചെയ്യാൻ സാധിച്ചിട്ടില്ല. 2020-21,2021-22 വർഷങ്ങളിൽ പ്രൊജക്ട് സ്പിൽ ഓവറായി.സ്ഥലത്ത് കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക്ക് ലൈൻ നിലവിലുള്ളത് നീക്കം ചെയ്യാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ നിലവിലുള്ള പ്രൊജക്ട് പ്രകാരം പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കില്ല എന്നാണ് അസി.എൻജിനീയർ അറിയിച്ചത്. പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പകൽ വീട് തുറന്നു പ്രവർത്തിപ്പിക്കുന്നതിനും വിലപ്പിടിപ്പുള്ള ഉപകരണങ്ങൾ നഷ്ടപ്പെടാതെ കെട്ടിടം അടച്ചുറപ്പോടെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 പൊതുജനങ്ങൾ വികസനാവശ്യങ്ങൾക്കായി വിട്ടു നൽകിയ ഭൂമി പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റേണ്ടതാണ്

2021-22 വർഷത്തെ വിവിധ ഭരണ സമിതി യോഗ തീരുമാനങ്ങളിൽ, നിരവധി ആളുകൾ പഞ്ചായത്തിലെ വികസനാവശ്യങ്ങൾക്കായി തങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടു നൽകിയതായി പരാമർശിച്ചിട്ടുണ്ട്. ഇപ്രകാരം വിട്ടു നൽകിയ ഭൂമി റവന്യൂ രേഖകളിൽ പോക്കു വരവ്

നടത്തി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാനും ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 29/23.01.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എൻജിനീയർ മറുപടി ലഭ്യമാക്കി. ലാന്റ് റിലിൻക്വിഷ്മെന്റ് ഫോറത്തിൽ വില്ലേജ് അധികാരികൾ ഒപ്പു വെയ്ക്കുന്നുണ്ടെന്നും ഇപ്രകാരമുള്ള ഭൂമി റവന്യൂ രേഖകളിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് മാറ്റണമെന്ന് പഞ്ചായത്ത് കമ്മറ്റിയിൽ അറിയിച്ചിട്ടുള്ളതാണെന്നുമാണ് മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. വിട്ടു കിട്ടിയ സ്ഥലങ്ങൾ പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്കുകളുടെ പരിപാലനം- ടെണ്ടർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കരാറുകാരന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് | തെരുവ് വിളക്കുകളുടെയും ഹൈമാസ്റ്റ് ലൈറ്റുകളുടെയും പരിപാലനം,എസ് 023/22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| കരാറുകാരൻ | ശ്രീ ജോസി റാഫേൽ |
| അടങ്കൽ തുക | 1)548802/- (വികസന ഫണ്ട് - ജനറൽ)<br>2)256255/-(സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | 363772/- |
| ബിൽ നം. | 65/19.03.22- 363772/- |

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് സാധന സാമഗ്രികളടക്കം നടത്തുന്നതിനായുള്ള വാർഷിക മെയിന്റനൻസ് കരാർ ടെണ്ടർ നടപടികളിലൂടെ ഏറ്റെടുത്തിട്ടുള്ളത് ശ്രീ ജോസി റാഫേൽ എന്ന കരാറുകാരനാണ്. ടിയാൻ ക്വാട്ട് ചെയ്ത നിരക്കുകൾ ഭരണസമിതിയുടെ 17.11.2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 18.11.2021 ൽ ചമച്ച കരാർ പ്രകാരം പ്രവൃത്തി നിർവ്വഹണം ടിയാനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ജി.എസ്.ടി നിരക്ക് ഉൾപ്പെടെയാണ് കരാറുകാരൻ ക്വാട്ട് ചെയ്തത്. എന്നാൽ വേണ്ടത്ര പരിശോധന നടത്താതെ ബിൽ തുക അനുവദിച്ചപ്പോൾ വീണ്ടും ജി.എസ്.ടി കൂടി കൂട്ടി നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇന വിവരം | ക്വാട്ട് ചെയ്ത നിരക്ക് (ജി.എസ്.ടി 18% ഉൾപ്പെടെ) | നൽകിയ നിരക്ക് | മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 1x40w എൽ.ഇ.ഡി | 1161 | 1369 | 75 | 1369x75= 102675 | 1161x75= 87075 | 15600 |
| 2 | എസ്.വി ലാമ്പ് 70W | 1415 | 1670 | 5 | 1670x5= 8350 | 1415x5= 7075 | 1275 |
| | | | | | | ആകെ | 16875 |

കൂടാതെ താഴെ പറയുന്ന അപാകതകൾ കൂടി ഉണ്ടായിട്ടുള്ളതായി കാണുന്നു.

1. ഓരോ ഘട്ടം പ്രവൃത്തികളും പൂർത്തിയാക്കിയതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഓരോ വാർഡുകളിലും ഏതെല്ലാം ഇനം ലൈറ്റുകൾ എത്രയെണ്ണം വീതം നന്നാക്കി എന്നുള്ള കണക്ക് വിവരം തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് യാതൊരു വിധ പരിശോധനയോ മോണിറ്ററിംഗോ നടത്താതെ കരാറുകാരൻ ഹാജരാക്കിയ കണക്കുകൾ പ്രകാരം തുക നൽകിയത് ക്രമവിരുദ്ധമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

2. തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഡിറ്റ് വർഷം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.14/21.01.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കേണ്ടതും,കരാറുകാരന് അധികമായി നൽകിയ 16875/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-2 തെങ്ങ് കൃഷി വികസനം -ഡോളമൈറ്റ് വാങ്ങിയതിന് അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് | തെങ്ങ് കൃഷി വികസനം, 47/22 |
| അടങ്കൽ | 190000/-(വികസനഫണ്ട്-ജനറൽ)+63334/-(ഗുണഭോക്തൃവിഹിതം)<br>ആകെ അടങ്കൽ 253334 /- |
| ചെലവ് | 1)ബിൽ നം.05/21-22, 31.01.22 – 180600/- |
| | 2)ബിൽ നം. 8/22.02.22- 43000/- |
| | 3)ചെക്ക് നം.316/25.03.22-78000/- |
| നിർവഹണഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

തെങ്ങ് കൃഷി വികസനത്തിനായി കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്നതിന് Kerala Agro Industries Corporation Ltd ൽ നിന്ന് Organic Neem, Dolomite തുടങ്ങിയ വളങ്ങൾ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്.

1)ഇൻവോയ്സ് നം.95/15.11.21- 180600/-

2)ഇൻവോയ്സ് നം.231/27.01.22- 58000/-
3)ഇൻവോയ്സ് നം.232/27.01.22- 63000/-

ക്രമ നം.1 ഇൻവോയ്സ് പ്രകാരം വേപ്പിൻ പിണ്ണാക്ക് 1500 കിലോയും,ഡോളമൈറ്റ് 500 കിലോയും ക്രമ നം.2,3 ഇൻവോയ്സുകൾ പ്രകാരം വേപ്പിൻ പിണ്ണാക്ക് 6300 കിലോയും,ഡോളമൈറ്റ് 2100 കിലോയും KAICO യിൽ വാങ്ങിയിട്ടുണ്ട്. വേപ്പിൻ പിണ്ണാക്കിന് കിലോഗ്രാമിന് 35/-രൂപയും,ഡോളമൈറ്റിന് 10.48/-രൂപയും നിരക്കിലാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. തദ്ദേശസ്ഥാപനങ്ങളിലെ വാർഷികപദ്ധതികളുടെ സബ്സിഡി-മാർഗരേഖ, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ 14.02.18 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.22/18/തസ്വഭവ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിന് ജില്ലാതലത്തിൽ കളക്ടർ അധ്യക്ഷനായ സമിതി രൂപീകരിച്ചിരുന്നു. ഈ സമിതിയുടെ 20.03.2020 ലെ 61139/DPC/DPO/EKM നം.ഉത്തരവ് പ്രകാരം ഡോളമൈറ്റിന്റെ പരമാവധി യൂണിറ്റ് കോസ്റ്റ് 08/-രൂപയാണ്. അനുവദനീയമായതിലും കൂടുതൽ യൂണിറ്റ് കോസ്റ്റ് നൽകി വളം വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2021-22 പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ജില്ലാതലത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതും ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/21.01.2023)ലഭിച്ച മറുപടിയിൽ പ്രത്യേക നിരക്ക് 2021-22 സാമ്പത്തിക വർഷം ഇല്ലാതിരുന്നതിനാലാണ് പ്രാദേശിക തലത്തിൽ ഉണ്ടായിരുന്ന നിരക്ക് നൽകിയതെന്ന് വിശദീകരിച്ചു. അതിനാൽ സബ്സിഡിയിനത്തിൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിശ്ചയിക്കപ്പെട്ട യൂണിറ്റ് കോസ്റ്റ് | വാങ്ങിയ നിരക്ക് | വാങ്ങിയതിന്റെ അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|
| 8 /- | 10.48 | 2600 Kg | 20800/- | 27248/- | 6448 /- |

ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനേക്കാളും കൂടുതൽ വില നൽകി ഡോളമൈറ്റ് വാങ്ങിയത് പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 6448/-രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 20000 | ലൈഫ് പദ്ധതി | 20000 | - |
| | 2021-22 | 13,40,000 | ലൈഫ് പദ്ധതി | 13,40,000 | - |
| | 2021-22 | 80,000 | ലൈഫ് പദ്ധതി | 80,000 | |
| | 2021-22 | 600000 | ഭിന്നശേഷിക്കാർക്കുള്ള ധനസഹായം | 600000 | |
| | 2021-22 | 934022 | ഇ.എം.എസ്-കരോട്ട് റോഡ് | 934022 | |
| | 2021-22 | 1067255 | ഭുവനേശ്വരി റോഡ് | 1067255 | |
| | 2021-22 | 732951 | നെച്ചുകാട്ട് റോഡ് | 732951 | |
| | 2021-22 | 996702 | പോൾ തെരുവിപ്രാമ്പിൽ റോഡ് | 996702 | |
| | 2021-22 | 995156 | കുട്ടൻവീട് കോളനി റോഡ് | 995156 | |
| | 2021-22 | 996379 | ജനതാറോഡ് | 996379 | |
| | 2021-22 | 999663 | വ്യാസാപുരം റോഡ് | 999663 | |
| ആകെ | | 87,62,128 | | 87,62,128 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1030000 | ലൈഫ് പദ്ധതി | 1030000 | |
| | 2021-22 | 178000 | ലൈഫ് പദ്ധതി | 178000 | |
| | 2021-22 | 210000 | ലൈഫ് പദ്ധതി | 210000 | - |
| | 2021-22 | 90000 | ലൈഫ് പദ്ധതി | 90000 | |
| | 2021-22 | 100000 | അനുപൂരകപോഷകാഹാരം | 100000 | |
| | 2021-22 | 200000 | കോവിഡ് പ്രതിരോധം | 200000 | |
| | 2021-22 | 200000 | ഭിന്നശേഷിക്കാർക്കുള്ള ധനസഹായം | 2,00,000 | |
| | 2021-22 | 40000 | ലൈഫ് പദ്ധതി | 40000 | |
| | 2021-22 | 80000 | ലൈഫ് പദ്ധതി | 80000 | |
| | 2021-22 | 50000 | ലൈഫ് പദ്ധതി | 50000 | |
| | 2021-22 | 142410 | ലൈഫ് പദ്ധതി | 142410 | |
| | 2021-22 | 499745 | നടപ്പാത -വാർഡ് 6 | 499745 | |
| | 2021-22 | 500000 | നടപ്പാത -വാർഡ് 6 | 500000 | |
| ആകെ | | 3320155 | | 3320155 | |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | തുക | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവുവിളക്ക് നീട്ടൽ -191/22 | 22100888 / 21/03/2022 | 151106 | | 151106 |
| കെ.എസ്.ഇ.ബി | തെരുവുവിളക്ക് നീട്ടൽ -101/22 | 42100243 / 31/03/2022 42100244 / 31/03/2022 42100245 / 31/03/2022 42100246 / 31/03/2022 | 17320 17747 29934 8111 | | 17320 17747 29934 8111 |
| വാട്ടർ അതോറിറ്റി | പൊതുടാപ്പുകൾ നീക്കം ചെയ്യൽ | 22101156 / 09/02/2022 | 270000 | 0 | 270000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 22100923 / 30/03/2022 | 2036000 | | 2036000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി.ഒ.2657/20-21 /ധനം/1.04.20 ജി.ഒ.446/20 /ധനം/03.08.20 ജി.ഒ.43/21 /ധനം/01.01.21 | 25380000 | 21830666 | 2170666 | 0 | 19660000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,71,82,532 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,16,17,775 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23,323 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3624514 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 16,875 | ബി.അജിത,സെക്രട്ടറി |
| 3-2 | | 6448 | എൻ.കെ.ഷീബ,കൃഷി ഓഫീസർ |
| ആകെ | | 23,323 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4000 | ശ്രീമതി.ബി.അജിത,സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-16 | 10000 | ശ്രീമതി.ബി.അജിത,സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-17 | 47000 | ശ്രീമതി.ബി.അജിത,സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-20 | 193344 | ശ്രീമതി. ബിന്ദുമോൾ.പി.എസ്,ഐ.സി.ഡി.എസ് സൂപ്പർവൈസർ,കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-21 | 93340 | ശ്രീമതി. ബിന്ദുമോൾ.പി.എസ്,ഐ.സി.ഡി.എസ് സൂപ്പർവൈസർ,കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-22 | 52246 | ശ്രീമതി. ബിന്ദുമോൾ.പി.എസ്,ഐ.സി.ഡി.എസ് സൂപ്പർവൈസർ,കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-24 | 65545 | ശ്രീമതി.ബി.അജിത, സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-25 | 100000 | ശ്രീമതി.ബി.അജിത, സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-26 | 528684 | ശ്രീമതി.ബി.അജിത, സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-27 | 2036000 | ശ്രീമതി.ബി.അജിത, സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-31 | 494355 | ശ്രീമതി.ബി.അജിത, സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| ആകെ | 36,24,514 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി ബി.അജിത സെക്രട്ടറി, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്. | ഉദയമന്ദിരം , കടവന്ത്ര, കൊച്ചി -20 |
| 2 | ശ്രീമതി ഷീബ എൻ.കെ., കൃഷി ഓഫീസർ | കൃഷി ഓഫീസർ, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം.10 A, സ്കൈലൈൻ |

| | | | |
|---|---|---|---|
| | | | സിർകോൺ, വിദ്യനഗർ, പാസ്സ്പോർട്ട് ഓഫീസ്,കടവന്ത്ര കൊച്ചി-20 |
| 3 | ശ്രീമതി ബിന്ദുമോൾ.പി.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | പഴയാട്ട് വീട്,എം.എൽ.എ. റോഡ് പള്ളുരുത്തി |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.ഇ (പി4)1276/00 തീയതി : 12.02.2001 | എല്ലാ ഖണ്ഡികകളും |
| 1996-97 | എൽ.എഫ്.ഇ (പി3)1316/00 തീയതി : 12.02.2001 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ഇ(പി3)339/02 15.11.2002 | 43 |
| 1998-99 (വരവ്) | എൽ.എഫ്.ഇ (പി6)1354/04 തീയതി :04.11.05 | 5 |
| 1998-99(ചെലവ്) | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി 23.07.2019 | 8 |
| 1999-2000 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 6 |
| 2000-01 (പ്ലാൻ) | എൽ.എഫ്.ഇ.(പി1)1336/03 തീയതി 10.03.2004 | 8 |
| 2000-01 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 9 |
| 2001-02 | എൽ.എഫ്.ഇ(പി6)1014/06 തീയതി : 25.08.2007 | 4 |
| 2001-02(പ്ലാൻ) | എൽ.എഫ്.ഇ.(പി1)1335/03 തീയതി 11.03.2004 | 2 |
| 2002-03 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 10 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 1 |
| 2005-06 | എൽ.എഫ്.ഇ.(പി2)175/08 തീയതി 02.08.08 | 9 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 4 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 1 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2011-12 &12-13 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 11 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി3)/1817/15 തീയതി.28.01.16 | 11 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 17 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.10) 1649/2017 തീയതി 09.07.2018 | 16 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.10) 1116/2019 തീയതി 23.07.2019 | 10 |
| 2018-19 | നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1576/2019 തീയതി 10.12.2019 | 18 |
| 2019-20 | നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1153/2021 തീയതി 22.11.2021 | 29 |
| 2020-21 | നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1154/2021 തീയതി 16.12.2021 | 35 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്